**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996** | **31-01-2024 - ൽ മറുപടിയ്ക്ക്**

**എരഞ്ഞിപ്പറമ്പ്, കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എരഞ്ഞിപ്പറമ്പ്, കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണ്; | (എ) | **എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -**<br>എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 28/06/2017 ലെ സ.ഉ(സാധാ) 897/2017/ജവിവ പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.<br>**കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**<br>കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 07/03/2019 ലെ MIDKkd/2016/2933/IA പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | **എരഞ്ഞിപ്പറമ്പ് എൽ.ഐ. സ്കീം -**<br>നിലവിൽ പ്രവൃത്തിയുടെ കരിങ്കൽ ഡംബിംഗ് പ്രവൃത്തികളും പമ്പ്ഹൗസിന്റെ പ്രവൃത്തിയും സിസ്റ്റേണുകളുടെ പ്രവൃത്തിയും പമ്പ്ഹൗസ് മുതൽ മണ്ണിൽ ചെമ്പകശ്ശേരി റോഡിൽ പൈപ്പ് ഇടുന്ന പ്രവൃത്തിയും കള്ളൻ തോട് കുളിമാട് റോഡിൽ പൈപ്പ് ഇടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ജലവിതരണ പൈപ്പുകൾ കടന്നുപോകുന്ന അമ്പലപ്പറ്റ വെളുത്തേടത്ത് മീത്തൽ റോഡ് പൈപ്പ് ഇടുന്നതിനുവേണ്ടി കുഴി എടുത്താൽ റോഡ് ഗതാഗത യോഗ്യമല്ലാതാവുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പരിസരവാസികൾ പ്രവൃത്തി തടസ്സപ്പെടുത്തിയതു കാരണം പ്രവൃത്തി താൽക്കാലികമായി നിർത്തിവെക്കേണ്ടി വന്നിരുന്നു. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കാവശ്യമായ തുക എസ്റ്റിമേറ്റിൽ ഇല്ലാത്തതുകൊണ്ട് ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത വിഷയം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും, റോഡ് നവീകരിക്കുന്ന തിനായി 01.07.2023-ന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതി റോഡ് ആസ്തി |

രജിസ്റ്ററിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. ഈ റോഡിലെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

കള്ളൻ തോട് കുളിമാട് റോഡിൽ കൂടെയുള്ള ജലവിതരണ പൈപ്പുകൾ ഇടുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ് സപ്ലൈ ചെയ്യുവാനുള്ള നടപടി മെക്കാനിക്കൽ വിഭാഗം സ്വീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കി വരുന്നു.

**<u>കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി -</u>**

പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയിൽ കായലം, വാര്യാപാടം, പള്ളിത്താഴം, പുഞ്ചപ്പാടം എന്നീ മേഖലകൾ ഉൾകൊള്ളുന്ന പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതി ലേക്കായിട്ടാണ് പദ്ധതി തയ്യാറാക്കി യിട്ടുണ്ടായിരുന്നത്. ഈ പദ്ധതിയിൽ പമ്പ് ഹൗസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കവണക്കല്ല് റെഗുലേറ്റർ ന്റെ U/S റീറ്റെയ്നിങ് വാളിനോട് ചേർന്ന പുറമ്പോക്കിൽ ഉൾപ്പെട്ടതാണോ എന്ന് അറിയാത്ത സാഹചര്യത്തിൽ അതിർത്തി നിർണ്ണയിക്കുന്ന തിന് മാവൂർ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും ആയതനുസരിച്ച് പുറമ്പോക്കിൽ ഉൾപ്പെട്ട സ്ഥലം നിലവിൽ അളന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കിണറും അനുബന്ധ കെട്ടിടവും നിർമ്മിക്കേണ്ട സ്ഥലം പഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ സന്ദർശിച്ച് ആയത് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ് 2019 -ൽ ഭരണാനുമതി ലഭിച്ചത് (നിലവിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്). എന്നാൽ ഭരണാനുമതി ലഭിച്ച ശേഷം പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തികൾ വിട്ടു നൽകാൻ തയ്യാറാകാതെ വരികയും ചെയ്തു. തുടർന്ന് നടന്ന സംയുക്ത സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തിയെങ്കിലും സിസ്റ്റേൺ ടാങ്ക് നിർമ്മാണ പ്രവൃത്തിക്കായി അര സെന്റ് സ്ഥലം വിട്ടു നൽകുവാൻ തയാറാണെന്നുള്ള സമ്മതപത്രമാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കയ്യിൽ നിന്നും ലഭ്യമായത്. എന്നാൽ സിസ്റ്റേൺ ടാങ്ക് സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 3/4 സെന്റ് വിസ്തീർണമുള്ള സ്ഥലം ആവശ്യമാണ് ഇതിനായി ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം അക്വയർ ചെയ്ത് കിട്ടാത്തതിലുള്ള കാലതാമസം കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്. പ്രസ്തുത തടസ്സങ്ങൾ മാറിയതിനു ശേഷം പുതിയ പ്രൊപ്പോസൽ തയ്യാറാക്കി പരിശോധിച്ച്

| | | | |
|---|---|---|---|
| | | | ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ശ്രദ്ധചെലുത്തുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവലോകന യോഗങ്ങളും സംയുക്ത പരിശോധനകളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ